## PRACTICE QUESTIONS FROM PREVIOUS CHAPTERS.2
## CHEMISTRY

1. Bauxite is the ore of aluminium. What features should a mineral have for considering it as an ore?
അലൂമിനിയത്തിന്റെ അയിരാണ് ബോക്സൈറ്റ്. ഒരു ധാതുവിനെ അയിരായി പരിഗണിക്കാൻ അതിനുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങളേവ?

2. Find out the wrong pair from the following.
a. i. Iron : haematite   ii. Tin :tin tungstate   iii. Zinc : Calamine   iv. Copper : cuprite.
b. i. s sub shell: 2   ii. p sub shell :6   iii. d sub shell : 12   iv. f sub shell – 14
താഴെ കൊടുത്തിട്ടുള്ള ജോഡികളിലെ തെറ്റായവ കണ്ടെത്തുക.
a. i.ഇരുമ്പ് : ഹേമറ്റൈറ്റ്   ii. ടിൻ : ടിൻ ടങ്ങ്സ്റ്റേറ്റ്   iii. സിങ്ക് : കലാമിൻ.   iv. കോപ്പർ : കുപ്രൈറ്റ്.
b. i. s സബ്ഷെൽ : 2   ii. p സബ്ഷെൽ :6   iii. d സബ്ഷെൽ : 12   iv. f സബ്ഷെൽ – 14

3. It is seen the arrangement of electroplating of copper on an iron bangle.
a. Check whether the connection of poles of the battery is proper?
b. Suggest a suitable electrolyte for electro plating of copper.
ഒരു ഇരുമ്പുവളയിൽ ചെമ്പ് വൈദ്യുതലേപനം ചെയ്യുന്നതിനുള്ള ക്രമീകരണമാണ് ചിത്രത്തിലുള്ളത്.
a. ഇതിലെ ബാറ്ററിയുടെ പോളുകൾ ബന്ധിപ്പിച്ചിരിക്കുന്നത് ശരിയായ രീതിയിലാണോയെന്ന് പരിശോധിക്കുക.
b. കോപ്പർ വൈദ്യുതലേപനം നടത്താൻ അനുയോജ്യമായ ഒരു ഇലക്ട്രോലൈറ്റ് നിർദ്ദേശിക്കുക.




4. Aqueous solution of sodium chloride is an electrolyte.
a. What are the products obtained at the electrodes when it is electrolysed?
b. Write down the chemical equation of the reaction takes place at the cathode during the electrolysis of this solution.
സോഡിയം ക്ലോറൈഡിന്റെ ജലീയലായനി ഒരു ഇലക്ട്രോലൈറ്റാണ്.
a. സോഡിയം ക്ലോറൈഡിന്റെ ജലീയലായനിയെ വൈദ്യുതവിശ്ലേഷണം ചെയ്താൽ ഇലക്ട്രോഡുകളിൽ ലഭിക്കുന്ന പദാർത്ഥങ്ങളേവ?
b. കാഥോഡിൽ നടക്കുന്ന രാസപ്രവർത്തന സമവാക്യമെഴുതുക.

5. It is taken 44.8 L of Oxygen gas ($O_2$) in a jar at STP.
[Atomic number of oxygen is 16 and that of hydrogen is 1]
a. Find the mass of oxygen gas collected.
b. How many molecules are there in the jar?
c. What would be the mass of the gas if it was hydrogen($H_2$) instead of Oxygen ?
ഒരു ജാറിൽ STP യിൽ 44.8 L ($O_2$) എടുത്തിരിക്കുന്നു. [ഓക്സിജന്റെ ആറ്റോമിക നമ്പർ 16 ഉം ഹൈഡ്രജന്റേത് 1 ഉമാണ്.]
a. ജാറിൽ ശേഖരിച്ചിട്ടുള്ള ഓക്സിജന്റെ മാസെത്ര?
b. ഇതിൽ എത്ര തൻമാത്രകളുണ്ടാകും?
c. ഈ ജാറിൽ ഓക്സിജനുപകരം ഹൈഡ്രജനാണ് ($H_2$)ശേഖരിച്ചിരുന്നതെങ്കിൽ അതിന്റെ മാസ്സ് എത്രയാകുമായിരുന്നു?

Laymans Science Lab

ഇബ്രാഹിം വാത്തിമറ്റം. ഫോൺ:9495676772

6.A student is trying to observe displacement reaction. The arrangement for the experiment is seen in the picture.

a. Is it possible to have displacement reaction in this arrangement? Justify.

b. If yes, write down the equations of oxidation reaction.




ഒരു കുട്ടി ആദേശരാസപ്രവർത്തനം നിരീക്ഷിക്കുകയാണ്. അതിനാവശ്യമായ ക്രമീകരണമാണ് ചിത്രത്തിൽ കാണുന്നത്.

a. ഇതിൽ ആദേശരാസപ്രവർത്തനം നടക്കാൻ സാധ്യതയുണ്ടോ? ഉത്തരം സാധൂകരിക്കുക.

b. പ്രവർത്തനം നടക്കുമെങ്കിൽ ഇവിടത്തെ ഓക്സീകരണ രാസപ്രവർത്തന സമവാക്യമെഴുതുക.

7. It is in blast furnace iron is prepared .

a. Name the major ore of iron.

b. What are the two substances fed into the furnace along with the ore.

c. A few incomplete equations of reactions takes place in the furnace are given. Complete it.

i. $CaO + SiO_2 \rightarrow$........

ii. $CaCO_3$ + heat $\rightarrow$ .... + ....

iii. $Fe_2O_3 + 3CO \rightarrow$...... + $3CO_2$

ബ്ലാസ്റ്റ് ഫർണസ് ഉപയോഗിച്ചാണ് ഇരുമ്പ് നിർമ്മിക്കുന്നത്.

a. ഇരുമ്പിന്റെ പ്രധാന അയിരേത്?

b. അയിരിനോടൊപ്പം ഫർണസിലേക്ക് ഇട്ടുകൊടുക്കുന്ന രണ്ട് പദാർത്ഥങ്ങളേവ?

c. ഫർണസിൽനടക്കുന്ന ഏതാനും രാസപ്രവർത്തനങ്ങളുടെ സമവാക്യം അപൂർണ്ണമായി തന്നിരിക്കുന്നു. അത് പൂർത്തീകരിക്കുക.

i. $CaO + SiO_2 \rightarrow$........

ii. $CaCO_3$ + heat $\rightarrow$ .... + ....

iii. $Fe_2O_3 + 3CO \rightarrow$...... + $3CO_2$

8. See the table given below and fill the blanks in it.

| **Name of Ore** | **Method of concentration** |
|---|---|
| Bauxite | ------ A ------- |
| Ore of Gold | ------ B ------- |
| Tin stone | ------ C ------- |
| Zinc blend (ZnS) | ------ D ------- |

തന്നിട്ടുള്ള പട്ടിക കാണുക. അതിലെ വിട്ടുപോയഭാഗം പൂർത്തീകരിക്കുക.

| **അയിരിന്റെ പേര്** | **ശുദ്ധീകരിക്കുന്ന മാർഗം** |
|---|---|
| Bauxite | ------ A ------- |
| Ore of Gold | ------ B ------- |
| Tin stone | ------ C ------- |
| Zinc blend (ZnS) | ------ D ------- |

Laymans Science Lab

ഇബ്രാഹിം വാത്തിമറ്റം. ഫോൺ:9495676772